P(IT)/16945/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 19.04.2022

**പരിപത്രം**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - പ്ലാൻ ഫണ്ട് 2022 - 23 - ഐ റ്റി പർച്ചെയ്സ് - പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന :- 1. 2022 - 23 സാമ്പത്തിക വർഷത്തിലെ പ്ലാൻ റൈറ്റ് അപ്പ്
2.30.04.2019ലെ സ.ഉ(സാധാ) 684/2019/ഉവിവ നമ്പർ സർക്കാർ ഉത്തരവ്

*********

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ഐ.റ്റി പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിന് സൂചന 2 പ്രകാരം ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ 2022 - 23 സാമ്പത്തിക വർഷത്തിലെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഉപ കാര്യാലയങ്ങൾ, സർക്കാർ കോളേജുകൾ, സർക്കാർ കോളേജ് ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ ഐ.റ്റി പ്രൊപ്പോസലുകൾ സൂചന 2 പ്രകാരമുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയ്ക്കായി നൽകേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ 2022 - 23 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതം തുക വിനിയോഗിച്ച് ഓഫീസ്, ഡിപ്പാർട്ടമെന്റ്, ലാബ്, ലൈബ്രറി, ഒറൈസ് സ്റ്റുഡിയോ മുതലായവയുടെ ആവശ്യങ്ങൾക്കായി ഐ.റ്റി / സോഫ്റ്റ് വെയർ പർച്ചെയ്സ് / നെറ്റ് വർക്കിംഗ് നടത്തുന്നതിന് ചുവടെ ചേർക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയ പ്രൊപ്പോസലുകൾ ആയിരിക്കണം കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയത്തിൽ ലഭ്യമാക്കേണ്ടത്.

1. Proposal with quantity, mode of purchase and place of installation
2. Detailed Specification of each item
3. Proper Justification
4. Purchase Committee Meeting Minutes
5. Invoice from CPRCS/ Item Details from GeM portal including Price
6. KFC form 13 signed by Institutional Head

മേൽ പരാമർശിച്ചിട്ടുള്ള എല്ലാ വിവരങ്ങൽ / രേഖകൾ ഉൾപ്പെട്ടിട്ടുള്ള ഐ.റ്റി പ്രൊപ്പോസലുകൾ മാത്രമേ സർക്കാരിന്റെ ടെക്നിക്കൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി ശിപാർശ ചെയ്യുകയുള്ളൂ. അല്ലാത്തവ നിരുപാധികം നിരസിക്കുന്നതായിരിക്കും. 2022 - 23 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതം തുക ഫലപ്രദമായി വിനിയോഗിച്ച് സമയ ബന്ധിതമായി ഐ.റ്റി പർച്ചെയ്സ് നടത്തുന്നതിന് എല്ലാ സ്ഥാപന മേധാവികളും മേൽ നിർദേശങ്ങൾ പാലിച്ചുകൊണ്ട് **05.05.2022** ന് മുൻപായി പ്രൊപ്പോസലുകൾ ആസ്ഥാന കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

# Approval Valid

Digitally Approved By
അജിത്. എ
Date: 19.04.2022
Reason: Approved

*ഒപ്പ്/-*
**അജിത്. എ**
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ഇൻ ചാർജ് ഓഫ് സീനിയർ ഫിനാൻസ് ഓഫീസർ

പകർപ്പ്:-

1. വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ സ്ഥാപന മേധാവികൾക്കും
2. സിസ്റ്റം മാനേജർ
3. കരുതൽ ഫയൽ